(എഫ്) 5-4-2000-ന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന അരിയത്രയും 1999 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ നിന്നും ക്വിന്റലിന് 914 രൂപ 05 പൈസ നിരക്കിൽ വാങ്ങിയതാണ്.

പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾ

111 (122) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര മാവേലിസ്റ്റോറുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 300 മാവേലിസ്റ്റോറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലിസ്റ്റോറുകൾ ആരംഭിക്കുക എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ 300 മാവേലിസ്റ്റോറുകൾ പുതുതായി ആരംഭിക്കുന്നതാണ്. ഇത് സംബന്ധിച്ച ഉത്തരവ് 8-6-2000-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

മൂടാടി പഞ്ചായത്തിൽ മാവേലിസ്റ്റോർ സ്ഥാപിക്കാൻ നടപടി

112 (123) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൊയിലാണ്ടി താലൂക്കിലെ മൂടാടി പഞ്ചായത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ സ്ഥാപിക്കുക എന്ന തീരുമാനം അനുസരിച്ച് ഈ വർഷം 300 പഞ്ചായത്തുകളിൽ കൂടി മാവേലിസ്റ്റോർ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പാൽ ഉല്പാദനം

113 (124) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഒരു ദിവസം എത്ര ലിറ്റർ പാൽ ആവശ്യം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കുവാൻ എന്ത് പദ്ധതിയാണ് സർക്കാർ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) പാൽ ഉല്പാദനരംഗത്ത് സംസ്ഥാനത്ത് എന്നത്തേയ്ക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിദിനം ശരാശരി 71.3 ലക്ഷം ലിറ്റർ പാൽ.

(സി) 2002 ആകുമ്പോഴേയ്ക്കും പ്രതിശീർഷം 280 ഗ്രാം പാൽ എന്ന തോതിൽ 93 ലക്ഷം ലിറ്റർ പ്രതിദിനം ആവശ്യം വരും എന്ന് കണക്കാക്കുന്നു.

(ഡി) വിജ്ഞാനവ്യാപന പരിപാടിയുടെ ഭാഗമായി സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, കർഷക സമ്പർക്ക പരിപാടികൾ, കന്നുകാലി പ്രദർശനങ്ങൾ, ഗുണ നിയന്ത്രണ ബോധവത്ക്കരണ പരിപാടികൾ, ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണ പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നു. പുൽകൃഷി വികസനത്തിനായി ഉല്പാദനശേഷി കൂടിയ പുല്ലിനങ്ങളുടെ വിത്തുകളും പുൽക്കടകളും സൗജന്യ നിരക്കിൽ വിതരണം നടത്തുന്നു. പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുല്ലിനം അനുസരിച്ച് ഹെക്ടറിന് 300 മുതൽ 700 രൂപ വരെ വളം സബ്സിഡി നൽകുന്നുണ്ട്. 50 സെന്റ് സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് "ഫോഡർ നഴ്സറി" എന്ന ആകർഷകമായ പരിപാടി നടത്തുന്ന മാതൃകാ ഡയറിയൂണിറ്റ്, കാലിത്തൊഴുത്ത് എന്നിവകൾക്ക് സാമ്പത്തിക സങ്കേതിക സഹായം നൽകുന്നു. പുതിയതായി രൂപീകരിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾക്ക് 25,000 രൂപ വരെ പ്രാരംഭകാല പ്രവർത്തനങ്ങൾക്ക് സബ്സിഡി നൽകുന്നു. ക്ഷീരസഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടർ, പാൽ പരിശോധന ഉപകരണങ്ങൾ ഫർണിച്ചർ, ക്രീം സെപ്പറേറ്റർ, ജനറേറ്റർ തുടങ്ങിയവ വാങ്ങുന്നതിന് ക്ഷീരവികസന വകുപ്പ് ധനസഹായം നൽകുന്നുണ്ട്. പാൽകറവ യന്ത്രം ജനകീയമാക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ കേരളത്തിലെ കന്നുകാലികളുടെ വർഗ്ഗ ഗുണം മെച്ചപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ ഒരു കന്നുകാലി പ്രജനന നയം (ബ്രീഡിംഗ് പോളിസി) 10-7-1998 ലെ ജി.ഒ.(എം.എസ്.) നം.144/98/എഡി. ഉത്തരവ് പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ മുഴുവൻ പശുക്കൾക്കും കൃത്രിമ ബീജധാനം ഉറപ്പു വരുത്തുന്നതിലേയ്ക്കായി 500 പശുക്കൾക്ക് ഒരു കേന്ദ്രം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പുതിയ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ അനുവദിച്ച് പ്രവർത്തിച്ചു വരുന്നു. ബീജധാന സൗകര്യം കാലി ഉടമകളുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിലേയ്ക്കായി മൊബൈൽ എ.ഐ.പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലുല്പാദനം വർദ്ധിപ്പിക്കുവാൻ വിദേശത്തു നിന്നും മുന്തിയതരം വിത്തുകാളകളെ ഇറക്കുമതി ചെയ്ത് അവയുടെ ബീജം കൃത്രിമ ബീജസങ്കലനത്തിന് നൽകി വരുന്നു. കൂടാതെ ഇവിടെയുള്ള വിത്തുകാളകളെ സന്തതിപരമ്പര പരിശോധന (പ്രോജനി ടെസ്റ്റിംഗ്) നടത്തി നല്ലവയെ തിരഞ്ഞെടുത്ത് അവയുടെ ബീജം കർഷകരുടെ പശുക്കളെ കുത്തിവയ്ക്കുന്നതിനായി എത്തിച്ചു കൊടുക്കുന്നു. മാത്രമല്ല കൂടുതൽ പോഷക ഗുണങ്ങളുള്ള കാലിത്തീറ്റ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. കർഷകർക്ക് സുരക്ഷിതത്വം നൽകുന്നതിനുവേണ്ടി ഇൻഷ്വറൻസ്, പശുക്കൾക്ക് രോഗ നിർമ്മാർജ്ജന കുത്തിവയപുകൾ തുടങ്ങിയവ യഥാസമയം നൽകി പാൽ ഉല്പാദന കർഷകരുടെ എണ്ണം കൂട്ടുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. കറവപ്പശുക്കളിൽ നിന്നും മുഴുവൻ പാലും ലഭ്യമാക്കുന്നതിനും കൂടുതൽ പശുക്കളെ ഒരു ദിവസം കറക്കുന്നതിനും പര്യാപ്തമാകുംവിധം കറവയന്ത്രം പഞ്ചായത്തുകളുടെ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനം അടുത്ത നാലുവർഷത്തിനുള്ളിൽ പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കും എന്നാണ് പ്രതീക്ഷ.

കായലുകൾ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര വികസനം

114 (125) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകൾ ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായലോര ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി പമ്പാ-കുട്ടനാട് പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി പുന്നമടയിൽ ബോട്ട്ടെർമിനലും പള്ളാത്തുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കായൽ ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലും തണ്ണീർമുക്കത്തും കുമരകത്തും ഓരോ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അഷ്ടമുടി കായലിന്റെ സമഗ്രവികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly